**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1796** **19-01-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്താൻ ഗതാഗത സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഭാഗികമായി സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്താൻ ഗതാഗത സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോവിഡ് -19 ന്റെ സാഹചര്യത്തിൽ, കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും കുറവായതിനാൽ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധി മൂലം കെ.എസ്.ആർ.ടി.സി യുടെ സർവ്വീസുകളിൽ യാത്രക്കാരുടെ വൻകുറവാണ് അനുഭവപ്പെടുന്നത്. തന്മൂലം കെ.എസ്.ആർ.ടി.സി മുൻപില്ലാത്ത വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. എന്നിരുന്നാലും യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും സൗകര്യപ്രദമായ രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്ര ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ക്കും സ്വകാര്യ സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കും നികുതി ഇളവുകൾ നൽകിയതിന്റെ ഫലമായി കൂടുതൽ സ്വകാര്യ ബസ്സ് സർവ്വീസുകളും മുഴുവൻ കെ.എസ്.ആർ.ടി.സി സർവ്വീസുകളും പുനഃരാരംഭിക്കുകയും ചെയ്തതോടുകൂടി പൊതുഗതാഗത രംഗത്ത് യാത്രാക്ലേശം വളരെയധികം കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ